LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട കേസുകൾ

141 [966] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള മിക്ക കേസുകളിലും കോടതി പ്രതികളെ നിരുപാധികം വിട്ടയയ്ക്കുകയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ഒഴിവാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 551 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) മായം ചേർക്കൽ നിരോധന നിയമ പ്രകാരം ഈ കാലയളവിൽ ഫയൽ ചെയ്ത കേസുകളിൽ 223 എണ്ണം ശിക്ഷിക്കപ്പെടുകയും 132 കേസുകൾ വെറുതെ വിടുകയും ചെയ്തിട്ടുണ്ട്. വെറുതെ വിട്ട കേസുകൾ പരിശോധിച്ച് അപ്പീൽ ഫയൽ ചെയ്യുന്നതിനും പ്രോസിക്യൂഷനിലെ പിഴവുകൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(സി) വെറുതെ വിടുന്ന കേസുകളുടെ രേഖകൾ പരിശോധിച്ച് പ്രോസിക്യൂഷനിലെ പിഴവുകൾ കണ്ടെത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു.

ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ പരിശോധന

142 [967] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ എഴുകോൺ നാരായണൻ:
„ ടി. എൻ. പ്രതാപൻ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കളിൽ മായവും വിഷവും കലർത്തിയിട്ടുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ;

† അനുബന്ധം XIV.